**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4245** **18-03-2025 - ൽ മറുപടിയ്ക്ക്**

**വിതുര ഗവ. യു.പി. സ്കൂൾ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വിതുര ഗവ. യു.പി. സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനത്തിന് എഗ്രിമെന്റ് വച്ച് പണികൾ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വിതുര ഗവ. യുപി സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനത്തിന് എഗ്രിമെന്റ് വെച്ച് പണി ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ തടസ്സങ്ങൾ നീക്കി എഗ്രിമെന്റ് വയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | വിതുര ഗവ. യുപി സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി 3.53 കോടി രൂപയ്ക്ക് (GST കൂടാതെ) നടപ്പിലാക്കുവാൻ 28-09-2024 -ന് THRISSUR DISTRICT LABOUR CONTRACT CO-OPERATIVE SOCIETY-യുമായി പദ്ധതി നിർവ്വഹണ ഏജൻസിയായ കില കരാറിൽ ഏർപ്പെട്ടിട്ടുള്ളതാണ്. 08.10.2024-ന് സൈറ്റ് കരാറുകാരന് കൈമാറുകയും ചെയ്തു. എന്നാൽ കരാറുകാരൻ പ്രവൃത്തി ആരംഭിക്കാത്തതിനാൽ പ്രവൃത്തി ആരംഭിക്കുന്നതിനായി കരാറുകാരനു 28-01-2025, 14-02-2025 എന്നീ തീയതികളിൽ പദ്ധതി നിർവ്വഹണ ഏജൻസി രേഖാമൂലം നിർദ്ദേശം നല്കിയിരുന്നു. എന്നാൽ കരാറുകാരനായ Labour Contract സൊസൈറ്റി പ്രവർത്തി ആരംഭിക്കുവാൻ Mobilization amount നൽകണമെന്ന് ആവശ്യപ്പെട്ട് 03-02-2025 തീയതിയിൽ കത്ത് നൽകുകയും തുടർന്ന് ടെൻഡർ മാനദണ്ഡങ്ങൾ അനുസരിച്ച് mobilization amount നൽകാൻ സാധിക്കില്ലാ എന്നും അടിയന്തരമായി പ്രവർത്തിയുടെ നിർമ്മാണം ആരംഭിക്കണം എന്നും കാണിച്ചു കരാറുകാരന് 14-02-2025 -ന് പദ്ധതി നിർവ്വഹണ ഏജൻസി മറുപടിയും നൽകിട്ടുണ്ട്. കരാറുകാരൻ പ്രവൃത്തി ആരംഭിക്കാത്ത പക്ഷം അന്തിമ നോട്ടീസ് നല്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്ന് പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ